**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 356** **18-03-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരത്തെ രാജ്യത്തിന്റെ ഓട്ടോമോട്ടീവ് വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരത്തെ രാജ്യത്തിന്റെ ഓട്ടോമോട്ടീവ് വ്യവസായ ഹബ്ബാക്കി മാറ്റുന്നതിനനുയോജ്യമായ നയപരിപാടികൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | (എ), (ബി) & (സി)<br><br>സംസ്ഥാനത്തെ ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾക്കും അനുകൂല സാഹചര്യങ്ങൾക്കും അനുസൃതമായി ആ പ്രദേശത്തെ ഒരു പ്രത്യേക വ്യവസായത്തിന്റെ ഹബ്ബാക്കി മാറ്റുവാനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചു വരുന്നുണ്ട്. സർക്കാർ പ്രസിദ്ധീകരിച്ച കേരള വ്യവസായ നയം 2023-ൽ കേരളത്തിന്റെ ഭൂമിശാസ്ത്രപരവും വിജ്ഞാനാധിഷ്ഠിതവുമായ സവിശേഷതകൾ പരിഗണിച്ച് സംസ്ഥാനത്ത് വ്യവസായ വത്കരണത്തിന് അനുയോജ്യമായവയായി കണ്ടെത്തിയിട്ടുള്ള 21 മുൻഗണനാ മേഖലകളിൽ വൈദ്യുതി വാഹന വ്യവസായം, എഞ്ചിനിയറിംഗ് ഗവേഷണ വികസനം എന്നിവ ഉൾപ്പെടുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സാമിപ്യം പ്രയോജനപ്പെടുത്തുന്ന രീതിയിൽ തിരുവനന്തപുരത്തിനെ ആഗോളതലത്തിൽ അറിയപ്പെടുന്ന ഓട്ടോമോട്ടീവ് ബ്രാൻഡുകളുടെ പ്രവർത്തന കേന്ദ്രമാക്കുന്നതിനുള്ള സാധ്യതകൾ മുന്നിലുണ്ട്. കൂടാതെ ഐ.ടി സ്ഥാപനങ്ങളുടെ സാന്നിധ്യവും അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സാമിപ്യവും അനുകൂല ഘടകങ്ങളാണ്. ഓട്ടോമോട്ടീവ് മേഖലയിലെ ലോകോത്തര സർവ്വീസ് പ്രൊവൈഡേഴ്സ് കേരളത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. BMW- വിന്റെ സർവ്വീസ് പ്രൊവൈഡർ ആയ ആക്സിയ ടെക്നോളജീസിന്റെ ഗ്ലോബൽ സെന്ററും ടാറ്റാ അലക്സിയുടെ ടെക്നോളജി ഡവലപ്മെന്റ് സെന്ററും തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം പ്രമുഖ കമ്പനികൾ ഗവേഷണ - പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | ഈ മേഖലയിലെ സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ "കേരള ഓട്ടോമോട്ടീവ് ടെക്നോളജി സമ്മിറ്റ്" 2025 ഫെബ്രുവരി 6-ന് സംഘടിപ്പിച്ചിരുന്നു. |
| (ബി) | ഓട്ടോമോട്ടീവ് വ്യവസായ ഹബ്ബാക്കി മാറ്റുന്നതിനനുയോജ്യമായ ഏതെല്ലാം ഘടകങ്ങൾ തലസ്ഥാനത്തിനുണ്ടെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | മറുപടി (എ) പാർട്ടിൽ ചേർത്തിട്ടുണ്ട്. |
| (സി) | നിലവിൽ ഈ രംഗത്ത് നിക്ഷേപസമാഹരണം നടത്താൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | മറുപടി (എ) പാർട്ടിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | ഇലക്ട്രിക് വാഹന നയത്തിനനുസൃതമായി സുരക്ഷിത നിക്ഷേപത്തിനും വ്യവസായ സഹകരണത്തിനുമായി നടപ്പാക്കിയിട്ടുള്ള നിക്ഷേപക സൗഹൃദ പരിപാടികൾ വിശദീകരിക്കുമോ? | (ഡി) | ഇലക്ട്രിക് വാഹനങ്ങളുടെ (EV) മുന്നേറ്റം, ഡ്രൈവിങ് സാങ്കേതിക വിദ്യകൾ, നൂതന ഓട്ടോമോട്ടീവ് സാങ്കതിക വിദ്യകൾ, സുസ്ഥിര മൊബിലിറ്റി സൊല്യൂഷനുകൾ, ഓട്ടോമോട്ടീവ് നിർമ്മാണത്തിൽ എ.ഐ / റോബോട്ടിക്സ് എന്നിവയുടെ സംയോജനം തുടങ്ങിയവ 'കേരള ഓട്ടോമോട്ടീവ് ടെക്നോളജി സമ്മിറ്റ്' -ൽ ചർച്ച ചെയ്യപ്പെട്ടു. ഇലക്ട്രിക് വാഹന നിയമത്തിനനുസൃതമായ നിക്ഷേപ സൗഹൃദ പരിപാടികൾ സംഘടിപ്പിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ